**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1548** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മഹാത്മാഗാന്ധി സർവകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. പ്രേംകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മഹാത്മാഗാന്ധി സർവകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും, സിൻഡിക്കേറ്റ് യോഗങ്ങളിലും വിവിധ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുന്ന അംഗങ്ങളുടെ സിറ്റിങ് ഫീസ് ഒറ്റയടിക്ക് മൂന്നിരട്ടിയായി വർദ്ധിപ്പിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 2022 മുതൽ ഓരോ സിറ്റിംഗിനും 1000 രൂപയായിരുന്നു. പ്രതിദിനം ഒന്നിലധികം സിറ്റിംഗുകൾ നടക്കുമ്പോൾ സർവ്വകലാശാലയ്ക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സാഹചര്യം നിലനിന്നിരുന്നു. പുതിയ സിൻഡിക്കേറ്റ് ഇക്കാര്യം വിശദമായി പരിഗണിക്കുകയും എത്ര സിറ്റിംഗ് നടന്നാലും പ്രതിദിനം മൂവായിരം രൂപ എന്ന നിരക്കിൽ നിജപ്പെടുത്തിക്കൊണ്ട് 08/09/2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരം (U.O.No.8563/ADA3/2026) ക്രമപ്പെടുത്തിയിരുന്നു. ഇത് മൂലം സർവ്വകലാശാലയ്ക്ക് അധികബാധ്യത ഉണ്ടാകുന്നില്ല.

**(ബി)** സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മുൻ സിൻഡിക്കേറ്റ് നടപ്പാക്കാതിരുന്ന ഫീസ് വർദ്ധനവ് നിലവിലെ ഭരണസമിതി അടിച്ചേൽപ്പിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സിൻഡിക്കേറ്റ് അംഗങ്ങളിൽ ഭൂരിഭാഗവും കോളേജ് അധ്യാപകരെന്ന നിലയിൽ ഉയർന്ന ശമ്പളം കൈപ്പറ്റുന്നവരാണെന്നിരിക്കെ സർവകലാശാലയുടെ സാമ്പത്തിക ഭദ്രത തകർക്കുന്ന രീതിയിൽ സിൻഡിക്കേറ്റ് നടത്തിയ ഈ ധൂർത്തിന് വകുപ്പിന്റെ മൗനാനുവാദമുണ്ടെന്ന ആക്ഷേപത്തിൽ വ്യക്തത വരുത്താമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിങ് ഫീസ് കുത്തനെ കൂട്ടിയ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട്, ഉത്തരവ് റദ്ദാക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**